"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - നഗരസഭകൾ പ്ലാൻ ഫണ്ടിൽ നിന്നും മാലിന്യ സംസ്കരണത്തിനായി നീക്കി വയ്ക്കുന്ന തുക വിനിയോഗിച്ച് പദ്ധതികൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് നൽകിയ നിർദ്ദേശങ്ങൾ ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

G.O.(Rt)No.1337/2020/LSGD        തീയതി,തിരുവനന്തപുരം, 06/07/2020

---

പരാമർശം:- 1 24.10.2018-ലെ സ.ഉ.(സാധാ.) നം.2724/2018/ത.സ്വ.ഭ.വ

2 10.02.2020-ലെ സ.ഉ(സാധാ.) നം.345/2020/തസ്വഭവ

3 06.03.2020-ലെ സ.ഉ(കൈ) നം.45/2020/തസ്വഭവ

4 ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 17.04.2020-ലെ 3719(1)/D1/2016/SM നമ്പർ കത്ത്

**<u>ഉത്തരവ്</u>**

സ്വച്ഛ് ഭാരത് മിഷൻ (നഗരം) മാർഗ്ഗരേഖ പ്രകാരം ഓരോ പദ്ധതിക്കും വകയിരുത്തേണ്ടുന്ന കേന്ദ്രവിഹിതം 35%, സംസ്ഥാന വിഹിതം 23.3%, നഗരസഭാ വിഹിതം 41.7% എന്ന ക്രമത്തിലാണ്. നഗരസഭാ വിഹിതം സ്വച്ഛ് ഭാരത് മിഷൻ (നഗരം) പദ്ധതിയുടെ മാർഗനിർദ്ദേശം അനുശാസിക്കും പ്രകാരം വിവിധ മാർഗ്ഗങ്ങളിലൂടെ കണ്ടെത്താവുന്നതാണ്. നഗരസഭകളുടെ വികസന ഫണ്ടോ, തനത് ഫണ്ടോ നഗരസഭാ വിഹിതം (41.7%) വകയിരുത്തുന്നതിന് ഉപയോഗിക്കാവുന്നതാണെന്ന് പരാമർശം (1) പ്രകാരം ഉത്തരവായിട്ടുണ്ട്. അതിനാൽ സ്വച്ഛ് ഭാരത് മിഷൻ (നഗരം) ഖരമാലിന്യ സംസ്കരണ ഡി.പി.ആർ പ്രകാരം അംഗീകാരം നേടിയ പദ്ധതികൾക്ക് ഗുണഭോക്തൃവിഹിതം നിർബന്ധമല്ല.

2. 2020-21 സാമ്പത്തിക വർഷം നഗരസഭകൾ പ്ലാൻ ഫണ്ടണ്ടിൽ നിന്ന് മാലിന്യ സംസ്കരണത്തിനായി നീക്കി വയ്ക്കുന്ന തുക വിനിയോഗിച്ച് പദ്ധതി രൂപീകരിക്കുമ്പോൾ ബി.പി.എൽ വിഭാഗങ്ങൾക്കൊഴികെ സൗജന്യമായോ സബ്സിഡി നിരക്കിലോ മാലിന്യ സംസ്കരണ സംവിധാനങ്ങൾ/ഉപാധികൾ വാങ്ങി വിതരണം ചെയ്യുന്ന തരത്തിലുള്ള പദ്ധതികൾ പൂർണ്ണമായും ഒഴിവാക്കണമെന്ന് പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

3. തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2020-21 വാർഷിക പദ്ധതിയുടെ ഭാഗമാക്കേണ്ട പന്ത്രണ്ടിന പരിപാടിയുടെ മാർഗ്ഗരേഖ അംഗീകരിച്ച് പരാമർശം (3) പ്രകാരം പുറപ്പെടുവിച്ച

ഉത്തരവിൽ വീടുകളിൽ മാലിന്യ സംസ്കരണം ഏർപ്പെടുത്തുന്നതിന് എ.പി.എൽ/ബി.പി.എൽ വ്യത്യാസമില്ലാതെ യൂണിറ്റ് കോസ്റ്റിൻറെ 90% സബ്സിഡി നൽകാവുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

4. സ്വച്ഛ് ഭാരത് മിഷൻ (നഗരം) പദ്ധതിയുടെ കാലാവധി 2021 മാർച്ച് വരെയോ 15-ാം ധനകാര്യ കമ്മീഷന്റെ ശുപാർശകൾ പ്രാബല്യത്തിൽ വരുന്നത് വരെയോ ദീർഘിപ്പിച്ചിട്ടുണ്ടെന്ന് കേന്ദ്ര പാർപ്പിട നഗരകാര്യ മന്ത്രാലയം അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ 2020-21 വർഷത്തെ വാർഷിക പദ്ധതികളിൽ സ്വച്ഛ് ഭാരത് മിഷൻ (നഗരം)-ഖരമാലിന്യ സംസ്കരണം ഡി.പി.ആർ പ്രകാരം അംഗീകാരം ലഭിച്ച ഘടകങ്ങൾക്ക് വിഹിതം നീക്കി വച്ചതിന് ശേഷം മാത്രം മറ്റ് ശുചിത്വ പദ്ധതികൾ ഏറ്റെടുത്താൽ ആനുപാതിക കേന്ദ്ര വിഹിതം നഷ്ടപ്പെടുത്താതെ നിർവ്വഹണം നടത്താൻ സാധിക്കുന്നതാണെന്നും അതിനാൽ പരാമർശം (2) ഉത്തരവിൽ ആവശ്യമായ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കണമെന്നും ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (4) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നഗരസഭകൾ പ്ലാൻ ഫണ്ടിൽ നിന്നും മാലിന്യ സംസ്കരണത്തിനായി നീക്കി വയ്ക്കുന്ന തുക വിനിയോഗിച്ച് പദ്ധതികൾ നടപ്പിലാക്കുന്നത് സംബന്ധിച്ച് നിർദേശം നൽകി പരാമർശം (2) പ്രകാരം പുറപ്പെടുവിച്ച ഉത്തരവ് താഴെ പറയും പ്രകാരം ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

- നഗരസഭകൾ തയ്യാറാക്കുന്ന ശുചിത്വ പ്രോജക്ടുകൾക്ക് (സ്വച്ഛ് ഭാരത് മിഷൻ (നഗരം) ഖരമാലിന്യ സംസ്കരണ ഡി.പി.ആറിൽ ഉൾപ്പെടാത്തവ) 06.03.2020 ലെ സ.ഉ. (സാധാ)നം.45/2020/ത.സ്വ.ഭ.വ. പ്രകാരമുള്ള സബ്സിഡി മാനദണ്ഡം (90% നഗരസഭാ വിഹിതം, 10% ഗുണഭോക്തൃവിഹിതം) എ.പി.എൽ/ബി.പി.എൽ ഭേദമന്യേ തുടരാവുന്നതാണ്.
- സ്വച്ഛ് ഭാരത് മിഷൻ (നഗരം) ഖരമാലിന്യ സംസ്കരണ ഡി.പി.ആർ പ്രകാരം തയ്യാറാക്കുന്ന പദ്ധതികൾ ഡി.പി.ആറിൽ അംഗീകരിച്ചിട്ടുള്ള നിരക്കിൽ തന്നെ നിർവ്വഹണം നടത്താവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
R S KANNAN
SPECIAL SECRETARY

പകർപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ
എല്ലാ നഗരസഭകൾക്കും ( നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ മുനിസിപ്പൽ കോർറേഷനുകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (G&SSA/E&RSA) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signature Not Verified
Digitally signed by MANJULA G
Date: 2020.07.23 13:52:39 IST
Reason: Approved

സെക്ഷൻ ഓഫീസർ

പകർപ്പ്-

തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ്-ന്
തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശ സ്വയം ഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ യ്ക്ക്